1. R.N. 44588/85 Reg. No. KL/TV (N)34/202 23
2. Licence No. for posting without pre payn t - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
March1, 2022


# സമകാലികം

ഷാനവാസ് എസ്

- വിഖ്യാത ബംഗാളി ഗായിക സന്ധ്യ മുഖർജി (സന്ധ്യ മുഖോപാധ്യായ് 90) അന്തരിച്ചു. മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം, പശ്ചിമ ബംഗാളിലെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ബംഗാ വിഭൂഷൺ' തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.
- ബാലസാഹിത്യ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സി.ജി ശാന്തകുമാർ പുരസ്കാരം മലയത്ത് അപ്പുണ്ണിക്ക്. 60001 രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം .
- മലയാളം മിഷൻ ഡയറക്ടറായി കവിയും



ഗാനരചയിതാവുമായ മുരുകൻ കാട്ടാക്കട ചുമതലയേറ്റു .
- ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കേരള വനിതകൾക്ക് കിരീടം. ഫൈനലിൽ റയിൽവേസിനെയാണ് പരാജയപ്പെടുത്തിയത്. തുടർച്ചയായ നാലാം തവണയാണ് കേരള വനിതകൾ കിരീടം നേടുന്നത്.
- ബ്രസിൽ ക്ലബ് പാൽമെയ്റാസിനെ കീഴടക്കി ഇംഗ്ലീഷ് ക്ലബ് ചെൽസിക്ക് ലോക ക്ലബ് ഫുട്ബാൾ കിരീടം.
- കേരളത്തിലെ ആദ്യ 'കാരവൻ പാർക്' വാഗമണിൽ. സംസ്ഥാന ടൂറിസം വകുപ്പിന്റെ കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമാണ് .
- പ്രശസ്ത കഥകളി - ഭരതനാട്യ നർത്തകിയും നാടക പ്രവർത്തകയുമായ ഭാനുമതി റാവു മേനോൻ (98) അന്തരിച്ചു. ഡൽഹിയിലെ ഇന്റർനാഷണൽ സെന്റർ ഫോർ കഥകളിയുടെ സ്ഥാപകാംഗമാണ്.
- കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമം, 2022 ൽ സന്ദർശിച്ചിരിക്കേണ്ട ലോകത്തെ 30 വിനോദസഞ്ചാര ഗ്രാമങ്ങളിലൊന്നായി അന്താരാഷ്ട്ര ടൂറിസം മാഗസിനായ കൊൺഡേ നാസ്റ്റ് ട്രാവ്ലർ തിരഞ്ഞെടുത്തു.
- സംഗീത സംവിധായകനായിരുന്ന എം.കെ അർജുനന്റെ സ്മരണക്കായി ഏർപ്പെടുത്തിയ എം.കെ അർജുനൻ മാസ്റ്റർ പുരസ്കാരം ഗായകൻ പി.ജയചന്ദ്രന്. എം.കെ അർജുനൻ മാസ്റ്റർ ഫൗണ്ടേഷനാണ് 'അർജുനോപഹാരം' എന്ന പേരിൽ പുരസ്കാരം ഏർപ്പെടുത്തിയത്.



- മുൻ ഇന്ത്യൻ ഫുട്ബാൾ താരവും കൊൽക്കത്ത ഈസ്റ്റ് ബംഗാളിന്റെ ഇതിഹാസവുമായിരുന്ന സുർജിത് സെൻഗുപ്ത(71) അന്തരിച്ചു.
- ഫസ്റ്റ്ക്ലാസ് ക്രിക്കറ്റിലെ അരങ്ങേറ്റ മൽസരത്തിൽ ഏറ്റവും കൂടുതൽ റൺസ് നേടിയതിന്റെ റെക്കോർഡ് ഇന്ത്യൻ താരത്തിന്. മിസോറാമിനെതിരായ രഞ്ജി ട്രോഫി



മത്സരത്തിൽ 341 റൺസ് നേടിയാണ് ബീഹാറിന്റെ യുവതാരം സക്കീബുൾ ഗനി റെക്കോർഡ് സ്വന്തമാക്കിയത്.
- ബോളിവുഡിന്റെ ഡിസ്ക്കോ കിംഗ് എന്നറിയപ്പെട്ട സംഗീതസംവിധായകനും ഗായകനുമായ ബപ്പി ലാഹിരി(69) അന്തരിച്ചു. '435 സിനിമകൾക്ക് സംഗീതം പകർന്നിട്ടുണ്ട്.1986 ൽ 33 സിനിമകൾക്കായി 180 ഗാനങ്ങൾ റെക്കോർഡ് ചെയ്ത് ഗിന്നസ് റെക്കോർഡ് സ്വന്തമാക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ മികച്ച തദ്ദേശസ്ഥാപനങ്ങൾക്കുള്ള സ്വരാജ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.തിരുവനന്തപുരം മികച്ച ജില്ലാ പഞ്ചായത്തായും കോഴിക്കോട് മികച്ച കോർപറേഷനായും , എറണാകുളം ജില്ലയിലെ മുളന്തുരുത്തി മികച്ച ഗ്രാമ പഞ്ചായത്തായും തിരഞ്ഞെടുത്തു.
- സിനിമസീരിയൽ നടൻ കോട്ടയം പ്രദീപ് (61 ) അന്തരിച്ചു.
- പ്ലൂട്ടോയുടേ ഉപരിതലത്തിലെ അന്തരീക്ഷ മർദം ഭൂമിയെക്കാൾ 80000 മടങ്ങ് കുറവെന്ന് പഠനം.ഉത്തരാഖണ്ഡിലെ ആര്യഭട്ട റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്സർവേഷണൽ സയൻസിലെ അംഗങ്ങൾ അടങ്ങുന്ന അന്താരാഷ്ട്ര ശാസ്ത്രജ്ഞരുടെ സംഘമാണ് പഠനം നടത്തിയത്.
- ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും വലുതെന്ന് കരുതുന്ന റേഡിയോ ഗാലക്സിയെ ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തി. ഭൂമിയിൽ നിന്നും 300 കോടി പ്രകാശ വർഷങ്ങൾ അകലെയാണ് ഈ താരാപഥം. പുതിയ താരാപഥത്തിന് അൽസിയോണസ് എന്ന് പേര് നല്കി.
- 2022ലെ 'സൻസദ് വിശിഷ്ടരത്ന' പുരസ്കാരം എൻ.കെ പ്രേമചന്ദ്രൻ എം.പി ക്ക്. ചെന്നൈ ആസ്ഥാനമായുള്ള പ്രൈം പോയിന്റ് ഫൗണ്ടേഷനാണ് പാർലമെന്റിൽ എം.പി മാരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പുരസ്കാരജേതാക്കളെ നിശ്ചയിക്കുന്നത്.
- പ്രശസ്ത കവി വിഷ്ണു നാരായണൻ നമ്പൂതിരിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ ആദ്യത്തെ 'വൈഷ്ണവം സാഹിത്യ പുർസ്ക്കാരം' നിരൂപകയായ ഡോ. എം ലീലാവതിക്ക് .1,11,111 രൂപയാണ് പുരസ്കാര തുക .വിഷ്ണു നാരായണൻ നമ്പൂതിരിയുടെ കവിതകളെക്കുറിച്ചുള്ള സമ്പൂർണ പഠനം ' കവിതയുടെ വിഷ്ണുലോകം' എന്ന കൃതിയാണ് പുരസ്കാരത്തിനർഹയാക്കിയത്.
- പുരുഷ ലോക ടെന്നീസ് റാങ്കിങ്ങിൽ ജോക്കോവിച്ചിനെ മറികടന്ന് റഷ്യയുടെ ഡാനിൽ മെദ് വദേവിന് ഒന്നാം റാങ്ക്.
- കവി സച്ചിദാനന്ദൻ കേരള സാഹിത്യ അക്കാദമി ചെയർമാനാകും. കേന്ദ്ര സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. വൈസ് ചെയർമാനായി അശോകൻ ചരുവിലിനെയും സെക്രട്ടറിയായി പ്രൊഫ. സി.പി. അബൂബക്കറിനെയും നിയമിക്കാനാണ് -സർക്കാർ തീരുമാനം.
- ലോകം മുഴുവൻ ദുരിതം വിതയ്ക്കുന്ന വിനാശകരമായ യുദ്ധം വീണ്ടും. യുക്രൈനിനെതിരെ വൻ ആക്രമണം അഴിച്ചുവിട്ടിരുക്കുകയാണ് റഷ്യ. യുക്രൈൻ തലസ്ഥാനമായ കീവിലേക്ക് ഇരച്ചുകയറുകയാണ് റഷ്യൻ സൈന്യം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിൽ നടക്കുന്ന ഏറ്റവും വലിയ ആക്രമണമാണിത്. •



അനായാസ അഭിനയം കൊണ്ട് അരനൂറ്റാണ്ട് മലയാള സിനിമയുടെ അമരത്ത് നിറഞ്ഞു നിന്ന നടി കെ.പി.എ.സി ലളിത അന്തരിച്ചു (74). മഹേശ്വരിയമ്മ എന്നായിരുന്നു യഥാർത്ഥ പേര്. 2016 മുതൽ കേരള സംഗീത നാടക അക്കാദമി അധ്യക്ഷയാണ്. സംവിധായക പ്രതിഭ പരേതനായ ഭരതന്റെ ഭാര്യയാണ്. നടനും സംവിധായകനുമായ സിദ്ധാർഥ് ഭരതൻ മകനാണ്. അഞ്ഞൂറില് പരം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. അമരം, ശാന്തം എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ട്.



പി.എസ്.സി. ബുള്ളറ്റിൻ
കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക പ്രസിദ്ധീകരണം
കേരള PSCയുടെ 65 -ാം വാർഷിക വിശേഷാൽ പതിപ്പ്
25000 GK & CURRENT AFFAIRS
കഴിഞ്ഞ 35 വർഷത്തെ വിവിധ PSC പരീക്ഷകളിൽ ആവർത്തിച്ചവ ഉൾപ്പെടെയുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ
3000 ത്തിലധികം Current Affairs





₹250
കേരള പി.എസ്.സി.യുടെ 65-ാം വാർഷികത്തിൽ പി.എസ്.സി ബുള്ളറ്റിൻ മത്സരാർത്ഥികൾക്കായി സമർപ്പിക്കുന്നു.

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004, Editor Saju George.

